# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6414

31.10.2011-ൽ മറുപടിക്ക്.

## മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ വ്യവസായങ്ങ- -ളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിലുള്ള 243.79 ഏക്കർ സ്ഥലം 'ഇൻകെൽ കെ.എസ്.ഐ.ഡി.സി പ്രോജക്റ്റസ് ' എന്ന സ്ഥാപനത്തിന് ദീർഘകാല പാട്ട വ്യവസ്ഥയിൽ നൽകിയിരിക്കുകയാണ്. ഇതിലുൾപ്പെടുന്ന 182 ഏക്കർ സ്ഥലത്ത് ഒരു ഗ്രോത്ത് സിറ്റി തുടങ്ങു- -വാനാണ് മേൽപ്പറഞ്ഞ കമ്പനി പദ്ധതിയിട്ടിട്ടു- -ള്ളത്. ഇതിൽ ഐ.റ്റി, ഐ.റ്റി.ഇ.എസ്, വിദ്യാഭ്യാസം, ആരോഗ്യം, റിസർച്ച് & ഡെവലപ്മെന്റ് മലിനീകരണമില്ലാത്ത വ്യവസായശാലകൾ എന്നീ മേഖലകളിലുള്ള സ്ഥാപനങ്ങൾ തുടങ്ങുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. |
| (ബി) വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ വികസന ത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്നത് ; | (ബി) ഇൻകെലിന്റെ ആഭിമുഖ്യത്തിൽ ആദ്യ ഘട്ടമായി സ്കിൽ ഡവലപ്പ്മെന്റ് ലക്ഷ്യമിട്ട് ഫിനിഷിംഗ് സ്കൂളും, ക്യാൻസർ ആശുപത്രിയും തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. |
| (സി) വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ